**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3662** **14-07-2022 - ൽ മറുപടിയ്ക്ക്**

**പാൽ, മുട്ട, മാംസം എന്നിവയുടെ വിപണന ശൃംഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദന പ്രക്രിയയിൽ ഉല്പാദകർ മുതൽ ഉപഭോക്താക്കൾ വരെയുള്ള ഉല്പാദന വിതരണ ക്രമത്തിൽ നിലവിലുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകൾ ഇത്തരത്തിൽ പഠനം നടത്തിയിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണത്തിന്റെ ഭാഗമായി മൃഗസംരക്ഷണ മേഖലകളിൽ നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി 2021 സെപ്റ്റംബർ മാസത്തിൽ ഒരു ശിൽപശാല സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ശിൽപശാലയിൽ ഈ മേഖലയിലെ വിവിധ പങ്കാളികളെ ഉൾപ്പെടുത്തിക്കൊണ്ട് അവരുടെ വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗ്രൂപ്പ് ചർച്ചകൾ, സാങ്കേതിക സെഷനുകൾ എന്നിവ നടത്തിയിട്ടുണ്ട്. പ്രസ്തുത ശില്പശാലയിൽ ഉരുത്തിരിഞ്ഞിട്ടുള്ള ആശയങ്ങൾ സംഗ്രഹിച്ച് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പശു വളർത്തൽ മേഖലയിലെ ഫാം കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് 2022 മാർച്ച് 23, 24 തീയതികളിലായി കേരള ഫീഡ്സിന്റെയും കന്നുകാലി വികസന ബോർഡിന്റെയും സംയുക്താഭിമുഖ്യത്തിൽ ദ്വിദിന സെമിനാറും സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) | പാൽ, മുട്ട, മാംസം എന്നിവയുടെ വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിന് ആധുനിക സാങ്കേതികവിദ്യയിൽ ഊന്നിയ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. മാംസത്തിന്റെ വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിന് ആധുനിക സേങ്കേതിക വിദ്യയിലൂന്നിയ പശ്ചാത്തല സ്വകര്യങ്ങൾ ഒരുക്കേണ്ടത് വളരെ അനിവാര്യമായ കാര്യമാണ്. എം.പി.ഐ ഡിജിറ്റൽ മാർക്കറ്റിങ്ങ് ഓൺലൈൻ മാർക്കറ്റിങ്ങ് എന്നിവ തുടങ്ങിയിട്ടുണ്ട്. ഇത് പൂർണ്ണതോതിൽ നടത്താനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. കെപ്‌കോ ഉൽപ്പന്നങ്ങളുടെ (മുട്ട, മാംസം) വിപണന ശൃംഖല |

| | | | |
|---|---|---|---|
| | | | ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഓൺലൈൻ മാർക്കറ്റിങ്ങ് ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഈക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | മാംസോൽപ്പാദനത്തിന് മൃഗസംരക്ഷണ വകുപ്പിന്റെ കേരള ചിക്കൻ പദ്ധതി കേരള സ്റ്റേറ്റ് പൗൾട്ടി വികസന കോർപ്പറേഷൻ, കുടുംബശ്രീ, മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ, ബ്രഹ്മഗിരി ഡെവലപ്പെമെന്റ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി നടത്തി വരുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. പൊതുമേഖല സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് പൗൾട്ടി വികസന കോർപ്പറേഷൻ, മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങൾ തങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഓൺലൈൻ മാർക്കറ്റിംഗ് ആരംഭിച്ചിട്ടുണ്ട്. ആഭ്യന്തര വിപണി വിപുലീകരണത്തിന്റെ ഭാഗമായി മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സൂപ്പർ മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ എന്നിവിടങ്ങളിൽ എം.പി.ഐ ഇറച്ചി ഉൽപ്പന്നങ്ങൾ വിപണനം നടത്താനുള്ള സ്റ്റാളുകൾ തുടങ്ങാൻ നടപടികളായിട്ടുണ്ട്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയുടെ ഉൽപ്പന്നങ്ങൾ ഹോം ഡെലിവറിയായി സ്വന്തം ഔട്ട് ലെറ്റുകളിൽ നിന്ന് കമ്പനി തന്നെ നേരിട്ടും മറ്റിടങ്ങളിൽ അംഗീകൃത ഏജൻസികൾ വഴിയും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ